പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 7189

11.07.2014-ൽ
മറുപടിയ്ക്ക്

## കയർവില നിശ്ചയിക്കുവാൻ കമ്മിറ്റി

| ചോദ്യം<br>ശ്രീ. പി.കെ. ഗുരുദാസൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) കയർവില നിശ്ചയിക്കുവാൻ കമ്മിറ്റി രൂപീകരിച്ചിട്ടു ണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റി എന്ന് നിലവിൽ വന്നു എന്നറിയിക്കാമോ; | എ) കയർവില നിശ്ചയിക്കുവാൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 11.01.2010-ലെ സർക്കാർ ഉത്തരവു പ്രകാരമാണ് പ്രസ്തുത സമിതി നിലവിൽ വന്നത്. |
| ബി) പ്രസ്തുത കമ്മിറ്റി കയർവില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;<br>സി) കയർവില ഉല്പാദനച്ചെലവ് അനുസരിച്ച് പുതുക്കി നൽകിയോ എന്നറിയിക്കുമോ? | ബി&സി) കാലാകാലങ്ങളിൽ കമ്മറ്റി കൂടുകയും, ഉൽപ്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ കയർവില പുതുക്കി നിശ്ചയിക്കുകയും ചെയ്യാറുണ്ട്. ഏറ്റവും ഒടുവിൽ 02.01.2014-നു കൂടിയ കമ്മറ്റിയിൽ വൈക്കം കയറിന്റെ 180 റണ്ണേജുള്ള കയറിന് 41 രൂപയായി വാങ്ങൽ വില വർദ്ധിപ്പിച്ചു. അതേ ക്രമത്തിൽ മറ്റു റണ്ണേജിലെ കയറിനും ക്വിന്റലിന് 200/- രൂപയുടെ വർദ്ധനവ് അനുവദിച്ചു. |

സെക്ഷൻ ഓഫീസർ